LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്ത്രീ സംരംഭകരുടെ രജിസ്ട്രേഷൻ നടത്തുന്നതിനും മറ്റ് സാങ്കേതികവശങ്ങളെക്കുറിച്ചുള്ള അറിവ് പകർന്നുനൽകുന്നതിനും വകുപ്പ് സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ?

കേന്ദ്ര സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മന്ത്രാലയത്തിന്റെ രജിസ്ട്രേഷൻ പോർട്ടലായ ഉദ്യം രജിസ്ട്രേഷൻ ആണ് നിലവിലുള്ള പ്രധാന സംവിധാനം. സംസ്ഥാന വ്യവസായ വകുപ്പിന്റെ ഓൺലൈൻ സംവിധാനമായ 'വ്യവസായ ജാലകം' എന്ന പോർട്ടലിലൂടെയും സംരംഭക വിവരങ്ങൾ രേഖപ്പെടുത്താവുന്നതാണ്. സാങ്കേതിക വിദ്യയിലും മാനേജ്മെന്റിലും അറിവ് നൽകുന്നതിന് ടെക്നോളജി ക്ലിനിക്കുകളും ടെക്നോളജി മാനേജ്മെന്റ് ഡെവലപ്പ്മെന്റ് പ്രോഗ്രാമുകളും ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ നടന്നുവരുന്നു. കുടുംബശ്രീയുടെ ഭാഗമായി പ്രവർത്തിക്കുന്ന എല്ലാ സൂക്ഷ്മ സംരംഭ യൂണിറ്റുകളും സി.ഡി.എസ്സ്-കളിൽ രജിസ്റ്റർ ചെയ്യുകയും ജിയോടാഗിംഗ് ഉൾപ്പെടെ യൂണിറ്റുകളുടെ രജിസ്ട്രേഷനും സംരംഭകരുടെ വിവരങ്ങളും രേഖപ്പെടുത്തുന്നതിനായി എം.ഇ. സോഫ്റ്റ്വെയർ സംവിധാനവും നിലവിലുണ്ട്.

(സി) സ്ത്രീ സംരംഭകരുടെ ഉത്പന്നങ്ങൾ വിപണനം നടത്തുന്നതിന് സർക്കാർ നൽകുന്ന സഹായങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ഉത്പന്നങ്ങൾ വിതരണം നടത്തുന്നതിന് എക്സ്ക്ലിബിഷനുകൾ, വിപണന മേളകൾ, മാസചന്തകൾ, സരസ്സ് ഫെയറുകൾ, സ്ഥിര വിപണന കേന്ദ്രങ്ങൾ, കുടുംബശ്രീ ബസാർ, മാർക്കറ്റിംഗ് ഔട്ട്-ലെറ്റ് എന്നിവ നടത്തിവരുന്നു. കാർഷിക-ഭക്ഷ്യ സംസ്കരണ മേഖലയിലെ ഉത്പന്നങ്ങൾക്ക് വിപണിയൊരുക്കുന്നതിന് കേരള അഗ്രോ ഫുഡ് പ്രോ സംഘടിപ്പിക്കുന്നു. കൂടാതെ ഉത്പന്നങ്ങൾക്ക് ആഗോള വിപണി കണ്ടെത്തുന്നതിന് വാണിജ്യ മിഷന് രൂപം നൽകിയിട്ടുണ്ട്. ഓൺലൈൻ വ്യാപാരത്തിനായി www.keralaemarket.kerala.gov.in എന്ന പോർട്ടലും ആരംഭിച്ചിട്ടുണ്ട്. കൂടാതെ എറണാകുളത്ത് അന്തർദ്ദേശീയ നിലവാരമുള്ള ഒരു എക്സ്ക്ലിബിഷൻ സെന്റർ നിർമ്മിച്ചുകൊണ്ട് ഉത്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

വ്യവസായ പദ്ധതികൾ

142(5301) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരിസ്ഥിതിക പ്രശ്നങ്ങളും മറ്റ് എതിർപ്പുകളുംമൂലം ഏതെങ്കിലും വ്യവസായ പദ്ധതികൾ നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പാരിസ്ഥിതിക പ്രശ്നങ്ങൾ കാരണം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ലഭ്യമാകാതെയും മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ അനുമതി ലഭിക്കാതെയും വിവിധ കാരണങ്ങളാൽ പരിസരവാസികളുടെ എതിർപ്പ് കാരണവും ചില സംരംഭങ്ങൾ നടപ്പിലാക്കുന്നതിന് തടസ്സം നേരിടുന്നുണ്ട്. ഇത്തരത്തിൽ വ്യവസായ സംരംഭകർ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളുടെ പരിഹാരവുമായി ബന്ധപ്പെട്ട് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും പരാതി പരിഹാര സെൽ രൂപീകരിക്കുന്നതിനുള്ള നിയമനിർമ്മാണം പരിഗണനയിലാണ്.

(ബി) വിവിധ വ്യവസായ സംരംഭങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനം വ്യവസായ സൗഹൃദമാക്കുന്നതിനും വ്യവസായ സംരംഭങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിനുമായി 7 നിയമങ്ങളിലും 10 ചട്ടങ്ങളിലും ഭേദഗതി വരുത്തി കേരള ഇൻവെസ്റ്റുമെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് നിലവിൽ വന്നിട്ടുണ്ട്. വിവിധ വകുപ്പുകളിൽനിന്നുള്ള ലൈസൻസുകളും അനുമതികളും ലഭ്യമാക്കുന്നത് സുഗമമാക്കാൻ ഓൺലൈൻ ഏകജാലക പോർട്ടലായി കെ-സ്വിഫ്റ്റ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ പുതിയതായി ആരംഭിക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽപ്പെടാത്ത സൂക്ഷ്മ-ചെറുകിട- ഇടത്തരം സംരംഭങ്ങൾക്ക് സംസ്ഥാന നിയമപ്രകാരമുള്ള ലൈസൻസുകൾ സ്വയം സാക്ഷ്യപ്പെടുത്തൽവഴി മൂന്ന് വർഷത്തേയ്ക്ക് ഒഴിവാക്കിയിട്ടുള്ള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിലവിൽ വന്നിട്ടുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്നപരിഹാരത്തിനായി കെ.എസ്.ഐ.ഡി.സി-യുടെ നേതൃത്വത്തിൽ ഒരു കാൾ സെന്റർ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിനും അവയെ കെ-സ്വിഫ്റ്റ് ഏകജാലക സംവിധാനവുമായി ഏകോപിപ്പിക്കുന്നതിനുമുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നുണ്ട്.

(സി) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ എന്തെങ്കിലും വ്യവസായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിലുള്ള സംരംഭങ്ങളുടെ (MSME) പ്രോത്സാഹനത്തിനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കിവരുന്ന പൊതുവായ പദ്ധതികളല്ലാതെ ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ കീഴിൽ കൽപ്പറ്റ നിയോജകമണ്ഡലത്തിൽ പ്രത്യേക വ്യവസായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നില്ല. എന്നാൽ കിൻഫ്രയുടെകീഴിൽ കാർബൺ ന്യൂട്രൽ പാർക്ക്, കാർഷികാധിഷ്ഠിത മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പാർക്ക് എന്നീ വ്യവസായ പദ്ധതികളുടെ പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

കൊറ്റാമം കെൽപാം ഫാക്ടറിയിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ

143(5302) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കൊറ്റാമം കെൽപാം ഫാക്ടറിയിൽ 2016 മുതൽ 2021 വരെ എത്ര കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വിശദമാക്കാമോ?

കെൽപാമിന്റെ കൊറ്റാമം ഫാക്ടറിക്ക് 2016 മുതൽ 2021 വരെ ലോൺ ഇനത്തിൽ 75 ലക്ഷവും ഗ്രാന്റ് ഇനത്തിൽ 125 ലക്ഷവും ചേർത്ത് ആകെ 200 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

(ബി) കെൽപാമിൽ പുതിയതായി ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

കെൽപാം പുതിയതായി നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. മോഡേൺ ജാഗറി മാനുഫാക്ചറിംഗ് യൂണിറ്റ് CSIR ടെക്നോളജി പ്രകാരം നടപ്പിലാക്കുന്നു.

2. ചുക്ക്കാപ്പിപ്പൊടി നിർമ്മാണ യൂണിറ്റ്.

3. പനയോല ഉപയോഗിച്ച് സ്ട്രോ നിർമ്മാണ യൂണിറ്റ്.

4. മോഡണൈസേഷൻ & റിജുവനൈസേഷൻ ഓഫ് സോഫ്റ്റ് ഡ്രിങ്ക്സ് യൂണിറ്റ്.

5. മൂല്യാധിഷ്ഠിത ഉത്പന്നങ്ങളായ ജാം, സ്ക്വാഷ്, സർബത്ത്, പാംഫ്രൂട്ട് ജ്യൂസ് മുതലായവയുടെ നിർമ്മാണം.

6. ബയോ ഫെൻസിംഗ് പദ്ധതി.

7. മോഡേൺ റൈസ്മിൽ.

8. NBCFDC ലോൺ സ്കീം.